(സി) രണ്ടു പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും, ഒരാൾ നേരിട്ട് ഹാജരായിട്ടുള്ളതും ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചശേഷം കോടതി അവരെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്.

104 (1464) കാസർഗോഡ് ജില്ലയിലെ കൊലപാതക കേസ്സുകൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ഇതുവരെയായി എത്ര കൊലപാതക കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഈ കേസ്സുകളിൽ ആകെ എത്ര പ്രതികളുണ്ടെന്നും അറിയിക്കുമോ:

(ബി) പ്രതികളിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 24-6-99 വരെ 48 കൊലപാതകക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആകെ 178 പ്രതികൾ ഉണ്ട്.

(ബി) ഇതുവരെ 172 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്, അറസ്റ്റ് ചെയ്യാനുള്ള 6 പ്രതികളിൽ ഒരാൾ ആത്മഹത്യ ചെയ്തിട്ടുണ്ട്.

105 (1465) അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളുമായി ഏതെല്ലാം നദീജല തർക്കങ്ങൾ അവശേഷിക്കുന്നു;

(ബി) ഇവ പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടി എടുത്തു;

(സി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം വർദ്ധിപ്പിക്കണമെന്ന തമിഴ്നാടിന്റെ ആവശ്യം സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കാവേരി നദീജല തർക്കം നിലവിലുണ്ട്.

(ബി) കാവേരി നദീജല തർക്കം കാവേരി നദീജല ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. കാവേരി നദീതടത്തിൽ നിന്ന് 99.8 TMC ജലം ലഭിക്കുന്നതിനായി ട്രൈബ്യൂണൽ മുമ്പാകെ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. കേസ്സിന്റെ ഫലപ്രദമായ നടത്തിപ്പിന് ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. വി. കൃഷ്ണമൂർത്തി ചെയർമാനും, ശ്രീ. ടി.കെ. ശശി, ചീഫ് എൻജിനീയർ (അന്തർ സംസ്ഥാന നദീജലം) കൺവീനറായും, ഒരു കാവേരി നദീജല തർക്ക സെൽ തിരുവനന്തപുരത്തും ഇതിന്റെ ഒരു ആഫീസ് ഒരു സൂപ്രണ്ടിംഗ് എൻജിനീയറുടെ ചുമതലയിൽ ഡൽഹിയിലും പ്രവർത്തിച്ചുവരുന്നുണ്ട്. കാവേരി സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly